പതിനഞ്ചാം കേരളനിയമസഭ
എട്ടാം സമ്മേളനം

ബഹു. സ്പീക്കറുടെ റൂളിംഗ്
07-02-2023

പലവക

നയപരമായ തീരുമാനങ്ങൾ സഭയിൽ പ്രഖ്യാപിക്കൽ

2023 ഫെബ്രുവരി 07-ാംാം തീയതി 2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച ആരംഭിക്കുന്നതിന് മുന്നോടിയായി സംസ്ഥാനത്ത് വെള്ളക്കരം വർദ്ധിപ്പിച്ച തീരുമാനം സഭാ സമ്മേളനം നടക്കുന്ന അവസരത്തിൽ സഭയിൽ പ്രഖ്യാപിക്കാതെ ഉത്തരവിറക്കിയ നടപടി മുൻ റൂളിംഗുകളുടെയും കീഴ്വഴക്കങ്ങളുടെയും ലംഘനമാണെന്നും മുൻറൂളിംഗുകൾക്ക് വിരുദ്ധമായി ഇത്തരത്തിൽ പ്രവർത്തിച്ചത് ഉചിതമായില്ലെന്നും പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി.

ഭരണപരമായ നടപടിക്രമങ്ങളുടെ ഭാഗമായാണ് സംസ്ഥാനത്ത് വെള്ളക്കരം വർദ്ധിപ്പിച്ചുകൊണ്ടുള്ള തീരുമാനം എടുത്തിട്ടുള്ളതെന്നും അത് സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ ഭാഗമല്ലാത്തതിനാലാണ് സഭയിൽ പ്രത്യേകമായി പ്രഖ്യാപിക്കാതിരുന്നതെന്നും ഇക്കാര്യത്തിൽ സഭയോട് അനാദരവ് കാണിച്ചിട്ടില്ലെന്നും ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി[+].

"നയപരമായ കാര്യങ്ങളിൽ സർക്കാർ അന്തിമ തീരുമാനം കൈക്കൊള്ളുമ്പോൾ സഭാ സമ്മേളനകാലയളവിലാണെങ്കിൽ അക്കാര്യം സഭയിൽത്തന്നെ ആദ്യം പ്രഖ്യാപിക്കുന്ന കീഴ്വഴക്കമാണ് നമ്മുടെ സഭയ്ക്കുള്ളതെന്നും ഈ കീഴ്വഴക്കം ലംഘിക്കപ്പെട്ടപ്പോഴെല്ലാം മുൻകാലങ്ങളിൽ ഇതുസംബന്ധിച്ച് വ്യക്തമായ റൂളിംഗുകൾ ഉണ്ടായിട്ടുണ്ടെന്നും ഇക്കാര്യം

+.

സംബന്ധിച്ച് 2016 ജൂൺ 30-ാം തീയതിയാണ് ഏറ്റവും ഒടുവിൽ റ്റളിംഗ് നൽകിയതെന്നും സർക്കാരിന്റെ നയപരമായ തീരുമാനങ്ങൾ സഭാ സമ്മേളന കാലയളവിൽ സഭയിൽത്തന്നെ ആദ്യം പ്രഖ്യാപിക്കുന്നതാണ് ഉത്തമമായ മാതൃകയെന്നും സംസ്ഥാനത്ത് വർഷങ്ങളായി നിലനിന്നിരുന്ന വെള്ളക്കര നിരക്ക് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഔദ്യോഗിക തലത്തിലുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിച്ചത് തികച്ചും ഭരണപരമായ നടപടി ക്രമമാണെങ്കിൽപ്പോലും സംസ്ഥാനത്തെ എല്ലാ വിഭാഗങ്ങളേയും ബാധിക്കുന്ന ഒരു തീരുമാനമെന്ന നിലയിലും സഭ സമ്മേളനത്തിലായിരുന്ന സാഹചര്യത്തിലും ഇക്കാര്യം സഭയിൽത്തന്നെ പ്രഖ്യാപിച്ചിരുന്നെങ്കിൽ അത് ഉത്തമമായ ഒരു മാതൃകയാകുമായിരുന്നുവെന്നുമാണ് ചെയറിന് ഇക്കാര്യത്തിൽ സൂചിപ്പിക്കാനുള്ളത്. ബന്ധപ്പെട്ട എല്ലാപേരും ഭാവിയിൽ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമെന്ന് ചെയർ പ്രതീക്ഷിക്കുന്നു."